472/E81-/19

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ22-8961/ജനറൽ/2018/സിഇ/തസ്വഭവ                    തീയതി. 30/03/2019

# സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പണം - സംബന്ധിച്ച്

സൂചന :
1) 21.02.2019-ൽ കൂടിയ DPC (H) മിനുട്സ്
2) EW3/63/2019-തസ്വഭവ തീയതി 28.02.2019
3) ഈ ഓഫീസിലെ 21.07.2018-ലെ ഇതേ നമ്പർ സർക്കുലർ

ഗസറ്റഡ് തസ്തികയിൽ / ഗസറ്റഡ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുള്ള ജീവനക്കാർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട തീയതി മേൽ സൂചന (3) പ്രകാരം നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ഇതോടൊപ്പം പാലിക്കേണ്ടതാണ്.

1) ഒരു ജീവനക്കാരന്റെ ACR സാക്ഷ്യപ്പെടുത്തുന്നതിന് മുൻപായി റിപ്പോർട്ടിംഗ് ഓഫീസറും റിവ്യൂവിംഗ് ഓഫീസറും ടി ജീവനക്കാരന്റെ മേൽ അച്ചടക്ക നടപടിയോ വിജിലൻസ് കേസുകളോ ഉണ്ടോ ഇല്ലയോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2) ജീവനക്കാർ self appraisal നൽകുമ്പോൾ തങ്ങളുടെ പേരിൽ നിലവിലുള്ള എല്ലാ അച്ചടക്ക നടപടികളേയും വിജിലൻസ് കേസുകളേയും Audit Objection-നുകളേയും കുറിച്ച് വിശദമാക്കേണ്ടതാണ്.
3) ഇങ്ങനെ പ്രസ്താവിക്കപ്പെട്ട കേസുകളെ സംബന്ധിച്ച വിവരം സത്യമാണെന്ന് ഉത്തമബോധ്യമുള്ളതാണെന്നും, തെറ്റായതോ മനഃപൂർവമായി തെറ്റിദ്ധരിപ്പിക്കുന്നതോ ആയ കാര്യങ്ങൾ രേഖപ്പെടുത്തുന്നത് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ശിക്ഷാർഹമാണെന്ന് ബോധ്യമുള്ളതാണെന്നും ജീവനക്കാരൻ രേഖപ്പെടുത്തിയ ഒരു സാക്ഷ്യപത്രം വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ കൂടെ ചേർക്കേണ്ടതുണ്ട്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും നിയന്ത്രണാധികാരികളും കർശനമായി പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കാത്ത ജീവനക്കാർ / നിയന്ത്രണാധികാരികൾ എന്നിവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചീഫ് എഞ്ചിനീയർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖേന)

പകർപ്പ്

1) എല്ലാ നിയന്ത്രണാധികാരികൾക്കും
2) കരുതൽ ഫയൽ

P 407